**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4675** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി. നന്ദകുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മത്സ്യബന്ധന തുറ മുഖങ്ങളുടെ അടിസ്ഥാന സൗകര്യ ങ്ങൾ വികസനത്തിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും ഹാർബർ എഞ്ചിനീ യറിംഗ് വകുപ്പും മുഖാന്തിരം പദ്ധതി കൾ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1) ആലപ്പുഴ ജില്ലയിലെ ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണം 95 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുള്ള പദ്ധതിയ്ക്ക് 16/07/2021-ൽ ടെണ്ടർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്. (1) പുലിമുട്ട് നിർമ്മാണം (2) വാർഫ്/ലേലഹാൾ നിർമ്മാണം (3) ഡ്രെഡ്ജിംഗ് പ്രവൃത്തി (4) പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ് നിർമ്മാണം (5) ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ നിർമ്മാണം (6) OH tank നിർമ്മാണം, കുടിവെള്ള പദ്ധതി (7) ഇലക്ട്രിഫിക്കേഷൻ (8) സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം 2) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം പദ്ധതിയ്ക്ക് 15.02.2019-ൽ 102.50 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾ പ്പെടുന്ന പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്. (1) പുലിമുട്ട് നിർമ്മാണം (2) വാർഫ്/ലേലഹാൾ നിർമ്മാണം (3) ഡ്രെഡ്ജിംഗ് പ്രവൃത്തി (4) പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ് നിർമ്മാണം (5) ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ നിർമ്മാണം (6) OH tank നിർമ്മാണം, കുടിവെള്ള പദ്ധതി (7) ഇലക്ട്രിഫിക്കേഷൻ (8) സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിൽ വടക്കേ പുലിമുട്ട് നിർമ്മാണം 530m തെക്കേ പുലിമുട്ട് നിർമ്മാണം |

635m പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വാർഫ്, ലേലഹാൾ എന്നിവയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ തലായ് (34.79 കോടി രൂപ), കൊയിലാണ്ടി (63.99 കോടി രൂപ), മഞ്ചേശ്വരം (48.8 കോടി രൂപ) ചേറ്റുവ (30.24 കോടി രൂപ), മുതലപ്പൊഴി (31.02 കോടി രൂപ), വെള്ളയിൽ (39.30 കോടി രൂപ), താനൂർ (44.87 കോടി രൂപ), ചെല്ലാനം (50.00 കോടി രൂപ) എന്നീ 8 മത്സ്യബന്ധന തുറമുഖങ്ങൾ കമ്മീഷൻ ചെയ്തു. നബാർഡ് ഹാർബറുകളുടെ നവീകരണത്തിനും വിപുലീകരണത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 120.00 കോടി രൂപയുടെ അനുമതി നൽകി. NABARD RIDF XXIII ലെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. NABARD RIDF XXV ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. NABARD RIDF XXVI ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നബാർഡ് XXIII (25.37 കോടി) 1) ചെല്ലാനം മത്സ്യബന്ധന തുറമുഖ ത്തിലെ അടിസ്ഥാന സൗകര്യ വികസനം (1037.00 ലക്ഷം) 2) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ ത്തിലെ അടിസ്ഥാന സൗകര്യ വികസനം (625.00 ലക്ഷം) 3) വെള്ളയിൽ മത്സ്യബന്ധന തുറമുഖ ത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം) 4) പുതിയാപ്പ മത്സ്യബന്ധന തുറമുഖ ത്തിലെ അടിസ്ഥാന സൗകര്യ വികസനം (225.00 ലക്ഷം) നബാർഡ് XXV (37.19 കോടി) 1) താനൂർ മത്സ്യബന്ധന തുറമുഖ ത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം) 2) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം) നബാർഡ് XXVI (57.44 കോടി) 1) തങ്കശ്ശേരി മത്സ്യബന്ധന തുറ മുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം) 2) നീണ്ടകര ഫിഷിംഗ് ഹാർബ റിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം) 3) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം) 4) കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം) ഓഖി ഡെവലപ്പ്മെന്റ് പാക്കേജ് ഓഖി ഡെവലപ്പ്മെന്റ്

| | | | |
|---|---|---|---|
| | | | പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തി കൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന ചുവടെ ചേർത്ത പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്. 1) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം 2) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – ഫേസ് I 3) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ 4) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം- ഫേസ്- 1 5) മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ |
| (ബി) | സംസ്ഥാനത്തെ ഒരു മത്സ്യബന്ധന തുറമുഖമെങ്കിലും അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ; | (ബി) | കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളെ ലോകോത്തര ഫിഷറീസ് ഇൻഫ്രാ സ്ട്രക്ചർ ഹബ്ബായി വികസിപ്പിക്കാൻ PMMSY ൽ ഉൾപ്പെടുത്തി 50 കോടി രൂപ ഫിഷറീസ് വകുപ്പിന് 2021-22 ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി Integrated Harbour, Post Harvest Marketing Infrastructure എന്ന പദ്ധതിയുടെ Detailed Project Report (DPR) തയ്യാറാക്കുന്നതിനായി EOI ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ലഭിച്ച കേന്ദ്രസർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മത്സ്യ ബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതം താഴെ പറയുന്നു. വർഷം ലഭിച്ച കേന്ദ്ര വിഹിതം (ലക്ഷം) 2016-17 1158 2017-18 0 2018-19 4687 2019-20 1350 2020-21 0 ആകെ 7195 |

സെക്ഷൻ ഓഫീസർ